## പതിമൂന്നാം കേരള നിയമസഭ
## പതിന്നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 253

08.06.2015-ൽ മറുപടിയ്ക്ക്

# റോഡപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കുന്നവർക്ക് ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) റോഡപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുവാൻ സഹായിക്കുന്നവർക്ക് ചെലവാകുന്ന പണം പോലീസ് നൽകുന്നതാണെന്ന തീരുമാനമെടുത്തിട്ടുണ്ടോ ; | (എ) തീരുമാനം എടുത്തിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത തുക നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; എത്ര രൂപ വരെ നൽകുന്നതിനാണ് ചുമതല നൽകിയിട്ടുള്ളത് ; | (ബി) സർക്കിൾ ഇൻസ്പെക്ടർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഒരു വ്യക്തിയ്ക്ക് 200/- രൂപ വരെ നൽകുന്നതിനാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) എത്ര തുക ഈ ഇനത്തിൽ നാളിതുവരെ നൽകിയിട്ടുണ്ട് ; | (സി) ഇതേവരെ 6,55,200/- രൂപ നൽകിയതായി ജില്ലാ പോലീസ് മേധാവിമാർ അറിയിച്ചിട്ടുണ്ട്. |
| (ഡി) തുക നൽകുന്നതിന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ വിമുഖത കാണിച്ചതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ഡി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |